18. കരിമ്പ് കൃഷി വികസനം

19. തേനീച്ച വളർത്തൽ

20. ക്ഷീര കൃഷി

ഇവയിൽ ക്രമ നമ്പർ 1 മുതൽ 12 വരെയുള്ള പദ്ധതികൾ ആർ. കെ. വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി പദ്ധതികൾ കൃഷിഭവന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലത്തിന് പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു.

നിറവ് പദ്ധതി

143 (1512) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നിറവ് പദ്ധതിക്കായി ഫണ്ട് അനുവദിച്ചിട്ടില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എത്ര മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുണ്ട് ; ഇതിലേയ്ക്കായി എത്ര കോടി രൂപ നൽകിയിട്ടുണ്ട് ; മണ്ഡലം തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(സി) ഈ വർഷം ഇതിനായി ഫണ്ട് അനുവദിക്കുമോ ?

ഉത്തരം

(എ) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതമായ പദ്ധതികളെല്ലാംതന്നെ നിറവ് നിയോജകമണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു.

(ബി) നിറവ് പദ്ധതി 86 നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചിട്ടുണ്ട്. വിത്തുമുതൽ വിപണിവരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് നിറവ്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടി അതാതു മണ്ഡലങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിക്കപ്പെടുന്ന പദ്ധതികൾ, കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതമായ പദ്ധതികളിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു. 2012-13 വർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14- ൽ 637.12 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്നും 2013-14, 2014-15 വർഷത്തിൽ തെരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിൽ സംസ്ഥാനാവിഷ്കൃതമായ പദ്ധതികളിലും ആർ.കെ.വി.വൈ. പദ്ധതികളിലും ഉൾപ്പെടുത്തി 7472.3 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിറവ് പദ്ധതി ആരംഭിച്ച നിയോജക മണ്ഡലങ്ങളുടെ പേരും ചെലവാക്കിയ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2015-16 വർഷത്തിൽ ബഡ്ജറ്റിൽ നിറവ് പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ പാടശേഖരങ്ങളിൽ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തിന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കാൻ എസ്.ഡി.ജി. മുഖാന്തിരം 200 ലക്ഷം രൂപ അനുദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

144 (1513) ശ്രീ. ജി. സുധാകരൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2011-12 ലെ ബജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടാപ്പിലാക്കിയോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എല്ലാ കൃഷികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കർഷകർക്കുള്ള അപകട ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും ഈ പദ്ധതിയോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമായിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) നടപ്പിലാക്കിയിട്ടില്ല. 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ഒരു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly